Page 1 of 3

പിന്നെ, അങ്ങനെ തോന്നിയ രീതിയിൽ അവരുമായി സഹകരിക്കാൻ പാടില്ല. ആധാറിന്റെ പ്രശ്നം വന്നതിനുശേഷം ട്രാൻസ്പാരന്റായ മെത്തേഡിലൂടെ സെലക്ട് ചെയ്യണമെന്ന് ഇപ്പോൾ നിഷ്ക്കർഷിക്കാൻ പോകുകയാണ്. പ്രൈവറ്റ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ട്രാൻസ്പാരന്റ് പ്രോസ്സസ് വേണമെന്ന് പറയുന്നുണ്ട്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വിദ്യാഭ്യാസ വകുപ്പിന്റെ മാത്രമല്ല, മറ്റ് പല കാര്യങ്ങളും കെൽട്രോണും എൻ.ഐ.സി.-യും ചെയ്യുന്നുണ്ട്. എൻ.ഐ.സി. ഒരു അപ്രൂവ്ഡ് ഏജൻസിയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ വിവരശേഖരണം മാത്രമാണ് ഈ ഏജൻസികൾ ചെയ്യുന്നത്. അതിന്റെ സ്റ്റോറേജും മറ്റ് കാര്യങ്ങളുമെല്ലാം വളരെ സീക്രട്ടായി വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിക്ഷിപ്തമാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളും അൺ എയ്ഡഡ് സ്കൂളുകളും ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നുവെന്നു പറഞ്ഞു. സി.ബി.എസ്.ഇ. സ്കൂളുകളും ഐ.സി.എസ്.ഇ. സ്കൂളുകളും ഇതിന്റെ പരിധിയിൽ കൊണ്ടുവരാനും മുതിർന്നവർക്ക് ഐ.ഡി. കാർഡ് നൽകിയതുപോലെ, വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുമ്പോൾ ആ വിവരങ്ങളടങ്ങിയ ഒരു കാർഡ് എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, യു.ഐ.ഡി. എടുക്കുക എന്നതാണ് ആലോചിക്കുന്നത്. നേരത്തെ 6-ാമത്തെ പ്രവൃത്തി ദിവസം കുട്ടികളുടെ തല എണ്ണി അദ്ധ്യാപക തസ്തികകൾ നിർണ്ണയിക്കുന്ന സ്ഥിതിയായിരുന്നു സംസ്ഥാനത്തുണ്ടായിരുന്നത്. ആ സ്ഥിതിവിശേഷം മാറ്റി സ്ഥിരമായൊരു സംവിധാനം കൊണ്ടുവന്നു. അതൊക്കെ ഉദ്ദേശിച്ചുകൊണ്ടാണ് യു.ഐ.ഡി. ഏർപ്പെടുത്തിയത്. അതിന്റെയടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണവും മറ്റ് കാര്യങ്ങളും ഗവൺമെന്റിന് നേരിട്ടറിയാൻ കഴിയുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. കുട്ടികൾക്ക് കാർഡ് കൊടുക്കുന്നത് സംബന്ധിച്ച് ആലോചിക്കേണ്ടതാണ്.

## പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന തകർച്ച

4 (*244) ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. എം. എ. ബേബി:
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖല തകർച്ച നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആദായകരമല്ലാത്ത സ്കൂളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദായകരമല്ലെന്ന് കണക്കാക്കിയിട്ടുള്ള സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനും ചേരുന്ന കുട്ടികൾ കൊഴിഞ്ഞുപോകുന്നതിനുമുള്ള അടിസ്ഥാനപരമായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എന്താണ് കണ്ടെത്തലെന്ന് വിശദമാക്കാമോ;

(ഇ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് യഥേഷ്ടം അനുമതി നൽകിയതാണ് സർക്കാർ സ്കൂളുകളുടെ പ്രസ്തുത ദുരവസ്ഥയ്ക്ക് പ്രധാന കാരണമെന്ന കാര്യം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയം തിരുത്താൻ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഇല്ല

(ബി) ഉണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിൽ ആദായകരമല്ലാത്ത ചുവടെ പറയുന്ന 5137 സ്കൂളുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ സ്കൂളുകൾ - 2413

എയ്ഡഡ് സ്കൂളുകൾ - 2724

(സി) ഇല്ല

(ഡി) ഇത് സംബന്ധിച്ച് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല.

(ഇ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് യഥേഷ്ടം അനുമതി നൽകിയിട്ടില്ല. 9-10-2011-ലെ സ.ഉ.(കൈ.) നമ്പർ 202/11/പൊ.വി. നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് മാത്രമാണ് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അംഗീകാരം നേടലിനു (affiliation) വേണ്ടിയുള്ള നിരാക്ഷേപ സാക്ഷ്യപത്രം (Non Objection Certificate) നൽകിയിട്ടുള്ളത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ച വിവിധ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. കെട്ടിടങ്ങൾ മാത്രമല്ല, പഠനം, പാഠ്യേതര സൗകര്യങ്ങൾ, കളിക്കളങ്ങൾ, വിവിധതരം ലാംഗേജ് ലാബുകൾ, ലൈബ്രറി, ഡിജിറ്റൽ ക്ലാസ് റൂമുകൾ, സ്മാർട്ട് ക്ലാസ് റൂമുകൾ ഇതെല്ലാം ഒത്തിണക്കിയുള്ള ബൃഹത്തായ പൊതുവിദ്യാലയ പദ്ധതിയാണ് കോഴിക്കോട് നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ശ്രീ. എ. പ്രദീപ് കുമാർ എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടന്നത്. അത് കേരളത്തിലെ പൊതു വിദ്യാലയങ്ങൾക്ക് മാതൃകയാണ്. അത് മാതൃകയായി സ്വീകരിച്ച് കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും, വിവിധ ഫണ്ടുകൾ പൂൾ ചെയ്ത് ഒരു ഹയർ സെക്കണ്ടറി സ്കൂളിന്റെ നിലവാരം ഉയർത്തുന്ന ഒരു പ്രത്യേക പദ്ധതിക്ക് നേതൃത്വം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഗവൺമെന്റ് രണ്ടുവർഷം മുമ്പ് നിയോജക മണ്ഡലാടിസ്ഥാനത്തിൽ Future Schools എന്ന പദ്ധതി നടപ്പാക്കാൻ വേണ്ടി ആലോചിച്ചിരുന്നു. നടക്കാവ് സ്കൂളിന്റെ കാര്യത്തിൽ, ദുബായിലുള്ള ഫൈസൽ ആന്റ് ഷബാന ഫൗണ്ടേഷൻ അവരുടേതായ കോൺട്രിബ്യൂഷൻ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഓരോ മണ്ഡലത്തിലെയും ഒരു സ്കൂൾ/ജില്ലയിലെ ഒരു സ്കൂൾ ഇന്റർനാഷണൽ സ്റ്റാൻഡേർഡിൽ കൊണ്ടുവരാൻവേണ്ടിയുള്ള പ്രാഥമിക ചർച്ച വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഞാനും ശ്രീ. ഫൈസലുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. അതിന്റെ തുടർപ്രവർത്തനങ്ങൾ ഭാവിയിൽ നടക്കുന്നതാണ്.

മി. സ്പീക്കർ : ഓർഡർ......... ഓർഡർ......... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### വിലക്കയറ്റം തടയാൻ പദ്ധതി

5 (*245) ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് പൊതുവിപണിയിലും മാവേലി-നന്മ സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ 2011 മേയ് മാസത്തെ വിലയും ഇപ്പോഴത്തെ വിലയും തമ്മിൽ താരതമ്യം ചെയ്ത് വിശദാംശം ലഭ്യമാക്കുമോ ;

(ബി) അടുത്ത രണ്ടു വർഷക്കാലത്തേക്ക് പ്രഖ്യാപിച്ച പദ്ധതികളിൽ വിലക്കയറ്റം തടയുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) 2011 മേയ് മാസത്തിനുശേഷം അതായത് 1-8-2012 മുതൽ സപ്ലൈകോ പൊതുവിതരണശാലകളിൽ വിതരണം ചെയ്യുന്ന വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്ത ഇനങ്ങളായ കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവയെ